പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1666 — 04.12.2015 ലെ മറുപടിയ്ക്ക്

## യൂറിയയുടെ സബ്സിഡി നിരക്കിലുള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകർക്ക് യൂറിയ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പലപ്പോഴും ഇത് കർഷകരിലെത്തുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പൊതു വിപണിയിൽ വിലക്കൂടുതലുള്ള യൂറിയ ഇടനിലക്കാർ വാങ്ങിക്കൂട്ടി പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചു വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (ഡി) യഥാർത്ഥ കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭിക്കേണ്ട യൂറിയ മറിച്ചു വിൽക്കുന്നതു മൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ഡി) കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭിക്കേണ്ട യൂറിയ മറിച്ചു വിൽക്കുന്നതു മൂലം കാർഷിക മേഖലയിലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നു.<br>1. കൃഷിഭവൻ തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ആഫീസർമാർ കൃഷിഭവൻ പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ കൃത്യമായും പരിശോധിക്കുന്നതിനും കാർഷിക ഇതര ആവശ്യങ്ങൾക്ക് വളം വിതരണം ചെയ്യുന്നുണ്ടെങ്കിൽ ഡീലർമാരുടെ പേരിൽ നടപടി എടുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി), അസിസ്റ്റന്റ് ഡയറക്ടർ (ക്യൂ.സി) എന്നിവരും ഡിപ്പോകളിൽ പരിശോധന നടത്തുകയും വളങ്ങളുടെ വില്പനയിൽ |

അപാകത കണ്ടെത്തുന്ന ഡിപ്പോകൾക്കെതിരെ നടപടി എടുക്കുകയും ചെയ്തു വരുന്നുണ്ട്.

3. ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ജില്ലാതല കമ്മിറ്റി ഡിപ്പോകളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നുമുണ്ട്.

(ഇ) യൂറിയ പോലുള്ള വളങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് കാർഷിക മേഖലയിൽ ഉണ്ടാകുന്ന ഇത്തരം പ്രതിസന്ധികൾ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) യൂറിയ പോലുള്ള വളങ്ങൾ കാർഷിക ഇതര മേഖലകളിൽ വിതരണം ചെയ്യുന്നത് കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള പരിശോധനാ സംവിധാനം ശക്തിപ്പെടുത്തി ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**